"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

ധനകാര്യ (എസ് എഫ് സി -ബി) വകുപ്പ്

നം. 62/2026/ധന | തിരുവനന്തപുരം, തീയതി: 23-10-2026

<u>സർക്കുലർ</u>

വിഷയം:- ധനകാര്യ വകുപ്പ്-സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ **സമയബന്ധിതമായി തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നത് -നിർദ്ദേശം പുറപ്പെടുവിക്കുന്നു.**

സൂചന:- 1. 16/04/1998-ലെ ജി.ഒ.(പി) നം. 18/98/തൊഴിൽ ഉത്തരവ്

2. 25/06/2002-ലെ ജി.ഒ.(പി) നം.105/30/2002/തസ്വഭവ ഉത്തരവ്

3.ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26) യുടെ 55- മത് റിപ്പോർട്ട്

കേരള കർഷക തൊഴിലാളി പെൻഷനുള്ള അപേക്ഷയിന്മേൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അധികാരി വിശദമായ അന്വേഷണം നടത്തേണ്ടതും അപേക്ഷയിൽ കാണിച്ചിട്ടുള്ള വിവരങ്ങളുടെ നിജസ്ഥിതിയെപ്പറ്റി ബോദ്ധ്യപ്പെടേണ്ടതും അർഹതയുള്ള കേസ്സുകളിൽ നിശ്ചിത ഫാറം-ൽ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതുമാണെന്നും പ്രഥമ ദൃഷ്ട്യാ അപേക്ഷകൻ പെൻഷന് അർഹനല്ല എന്ന് കാണുന്ന പക്ഷം അയാൾക്ക് 15 ദിവസത്തെ നോട്ടീസ് നൽകി അയാളുടെ വാദം കേട്ടതിനു ശേഷം മാത്രമേ അപേക്ഷയിൻമേൽ തീർപ്പ കൽപ്പിക്കാൻ പാടുള്ളൂ എന്നും അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ വ്യക്തമാക്കേണ്ടതാണെന്നും സൂചന (1) ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണവും മറ്റും ദ്രുതഗതിയിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ടുള്ള സൂചന (2)ലെ ഉത്തരവിൽ പെൻഷനുള്ള അപേക്ഷകളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി, അന്വേഷണ റിപ്പോർട്ട് പഞ്ചായത്ത്/ നഗരസഭാ സമിതി വച്ച് പരമാവധി 40 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, പെൻഷൻ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ലഭിക്കുന്നില്ല എന്ന ഒറ്റ കാരണത്താൽ അർഹതപ്പെട്ടവർക്ക് പെൻഷൻ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, നിശ്ചിത സമയപരിധിക്കുള്ളിൽ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ വീഴ്ചയോ അനാവശ്യ കാലതാമസം വരുത്തുകയോ ചെയ്യുന്ന

ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും അനുസരിച്ച് കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് കർശന നിർദേശം ഇതിനാൽ നൽകുന്നു. മാത്രമല്ല, ഇക്കാര്യത്തിലുള്ള ചട്ടങ്ങളിൽ ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതികൾ അടിയന്തിരമായി വരുത്തുന്നതിനുള്ള സത്വര നടപടികൾ ബന്ധപ്പെട്ട ഭരണ വകുപ്പ് സ്വീകരിക്കേണ്ടതുമാണ്.

കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

<u>പകർപ്പ്:-</u>

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (നം. 3142920/എസ്.എഫ്.സി-ബി3/34/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.